കേൾക്കേണ്ട ശബ്ദം:
കേരളം കണ്ട ഏറ്റവും വലിയ പ്രതിഭാശാലിയായിരുന്നു ജോൺ എബ്രഹാം. അദേഹവും കവി എ. അയ്യപ്പനും ജീവിച്ചിരുന്നപ്പോൾ അവരുടെ മദ്യപാനത്തെ മഹത്വവൽക്കരിക്കുകയായിരുന്നു കേരളത്തിലെ ഒരുവിഭാഗം ബുദ്ധിജീവികൾ. **- ടി. പത്മനാഭൻ**

മകതബ്

1193 കന്നി 26 1439 മുഹറം 21

തിന്നുകയും തീറ്റിക്കുകയും ചെയ്യുന്നവർ

സ്വാതന്ത്ര്യാനന്തര ഇന്ത്യയെ കാർന്നുതിന്നുന്ന മഹാ അർബുദമാണ് അഴിമതി എന്നാണ് പൊതുവേ പറയാറുള്ളത്. ഈ അർബുദത്തിന് ഇതുവരെ ഫലപ്രദമായ ചികിത്സ കണ്ടെത്തിയില്ലെന്ന് മാത്രമല്ല രോഗം വ്യാപകമായി പടരുകയാണ്. അതിന് കാരണം ഭരണനേതൃത്വം തന്നെയാണ് അഴിമതിയുടെ ഏറ്റവും വലിയ ഗുണഭോക്താക്കൾ എന്നതാണ്.

അതിവാചാലവും നാടകീയവുമായി സംസാരിക്കുന്ന ആളാണ് പ്രധാനമന്ത്രി നരേന്ദ്രമോദി. എന്നാൽ അടിസ്ഥാന വിഷയങ്ങളിൽ അദേഹം നിശബ്ദനാകും. നോട്ട് അസാധുവാക്കൽ പോലുള്ള ഒട്ടേറെ വിഷയങ്ങളിൽ അദേഹത്തിന്റെ നിശബ്ദത ശ്രദ്ധിക്കപ്പെട്ടതാണ്. പ്രധാനമന്ത്രിയുടെ വലംകൈയായ ബി.ജെ.പി അധ്യക്ഷൻ അമിത്ഷായുടെ മകൻ ജയ്ഷായുടെ കമ്പനിക്ക് എതിരേ ഉയർന്ന അഴിമതി ആരോപണത്തിലും പ്രധാനമന്ത്രി നിശബ്ദത പാലിക്കുകയാണ്. അഴിമതി കാര്യത്തിൽ തനിക്ക് ബന്ധുക്കളില്ലെന്നും താൻ തിന്നുകയും തീറ്റിക്കുകയുമില്ലെന്നും കാവ്യാത്മകമായി പറഞ്ഞ പ്രധാനമന്ത്രിയാണ് നിശബ്ദത പാലിക്കുന്നത്.

കഴിഞ്ഞ 60 വർഷമായി രചിച്ചുകൊണ്ടിരിക്കുന്ന അതേ തിരക്കഥയാണ് ജയ്ഷായുമായി ബന്ധപ്പെട്ട അഴിമതി. ബി.ജെ.പി സർക്കാർ അധികാരത്തിൽ വന്നതോടെ ജയ്ഷായുടെ ടെമ്പിൾ എന്റർപ്രൈസസ് എന്ന കമ്പനിയുടെ വിറ്റുവരവിൽ 16,000 മടങ്ങ് വർധനയുണ്ടായെന്നും സാമ്പത്തിക സ്ഥാപനമായ 'കിഫ്സി' മതിയായ ഈടില്ലാതെ 18.78 കോടി രൂപ ടെമ്പിൾ എന്റർപ്രൈസസിന് നൽകിയെന്നുമാണ് ആരോപണം. 'ദ വയർ ഇൻ' എന്ന ഓൺലൈൻ പ്രസിദ്ധീകരണമാണ് ആരോപണം ഉന്നയിച്ചത്. 2013ലും 14ലും വൻ നഷ്ടത്തിലായ സ്ഥാപനം 2015 മുതൽ വൻലാഭം നേടുകയായിരുന്നു. കാർഷിക ഉൽപ്പന്നങ്ങളുടെ വിറ്റുവരവിലൂടെയാണ് ലാഭം ഉണ്ടാക്കിയതെന്ന് കമ്പനി പറയുന്നു. വിറ്റുവരവിൽ പകുതിയിലേറെയും വിദേശത്ത് നിന്ന് ലഭിച്ചതാണ്. ഇത് ഇന്ത്യയിൽ വർഷങ്ങളായി നടക്കുന്ന ഏർപ്പാടാണ്. ഭരിക്കുന്നവരുടെ സ്വന്തക്കാരുടെ കമ്പനിയുമായി വിദേശത്തും സ്വദേശത്തുമുള്ള പലരും ഇടപാട് നടത്തുന്നു. ഈ ഇടപാടുകൾക്ക് പിറകിൽ മറ്റ് പലതരം ഇടപാടുകളും ഉണ്ടെന്നത് രഹസ്യമല്ല. അതുകൊണ്ടാണ് ബി.ജെ.പി അധികാരത്തിലേറും മുമ്പ് നഷ്ടത്തിലായ കമ്പനി ഒരു വർഷം കൊണ്ട് വിറ്റുവരവിൽ 16,000 മടങ്ങ് വർധനവുണ്ടാക്കുന്നത്.

യാതൊരു ഈടുമില്ലാതെ ജയ്ഷായുടെ കമ്പനിക്ക് വൻതുക വായ്പ നൽകിയ 'കിഫ്സി' റിലയൻസുമായി ബന്ധമുള്ള സ്ഥാപനമാണെന്ന് അറിയുമ്പോഴാണ് ഇതിനകത്തെ കള്ളക്കളിയുടെ പൂർണ്ണരൂപം ലഭിക്കുക. മോദി ഭരണത്തിൽ ഏറ്റവും അധികം ആനുകൂല്യങ്ങൾ ലഭിക്കുന്നത് റിലയൻസിനാണ്. കോടികളുടെ ബാങ്ക് വായ്പ എഴുതി തള്ളൽ, ഇന്ധനവില വർധനവിന്റെ വൻലാഭം തുടങ്ങിയ ആനുകൂല്യങ്ങൾ റിലയൻസിന് ലഭിച്ചിട്ടുണ്ട്. ഉദ്ദിഷ്ടകാര്യത്തിനുള്ള ഉപകാരസ്മരണകളാണ് ഇവ. ജയ്ഷായുടെ കമ്പനിക്ക് വഴിവിട്ട രീതിയിൽ നൽകിയ വായ്പയുടെ എത്രയോ മടങ്ങ് ആനുകൂല്യങ്ങൾ റിലയൻസിന്റെ സമ്പാദ്യത്തിലേക്ക് സർക്കാർ എത്തിച്ചു കൊടുക്കുന്നുണ്ട്.

നോട്ട് അസാധുവാക്കൽ മുതൽ ജി.എസ്.ടി വരെയുള്ള നടപടികളിലൂടെ രണ്ടര ലക്ഷത്തോളം ചെറുകിട തുണി ഉൽപ്പാദക ശാലകളാണ് തകർന്നത്. ചെറുകിട വ്യാപാര മേഖല തകർച്ചയെ അഭിമുഖീകരിക്കുകയാണ്. റിലയൻസ് പോലുള്ള കോർപ്പറേറ്റ് സ്ഥാപനങ്ങൾ മാത്രം നിലനിൽക്കുന്ന സാമ്പത്തിക നടപടികളാണ് കേന്ദ്രം ഭരിക്കുന്നവർ കൈക്കൊള്ളന്നത്. അത്തരം സമീപനങ്ങളുടെ ഭാഗമാണ് നേതാക്കളുടെയും അവരുടെ ബന്ധുക്കളുടെയും സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന വഴിവിട്ട ആനുകൂല്യങ്ങൾ. ഇത് പൂർണ്ണമായും അഴിമതിയാണ്. വർഷങ്ങളായി തുടരുന്ന അഴിമതി ഭീമാകാരം പ്രാപിക്കുകയാണ്.

അഴിമതി വിരുദ്ധ നാട്യക്കാരായ കേന്ദ്രസർക്കാർ എന്നിട്ടും എന്താണ് ചെയ്യുന്നത്. ജയ്ഷായുടെ കമ്പനിക്ക് എതിരേ ഗുരുതരമായ ആരോപണം ഉയർന്നിട്ടും അതേ കുറിച്ച് അന്വേഷിക്കാൻ തയ്യാറാകുന്നില്ല. കോൺഗ്രസ് നേതാവ് ചിദംബരത്തിന്റെ മകൻ കാർത്തിക്കിന് എതിരേ അന്വേഷണം നടത്തുകയും എൻഫോഴ്സ്മെന്റിനെയും സി.ബി.ഐയെയും രാഷ്ട്രീയ എതിരാളികൾക്ക് എതിരേ ഉപയോഗിക്കുകയും ചെയ്യുന്നവരാണ് കേന്ദ്രഭരണക്കാർ, ജയ്ഷായുടെ കാര്യത്തിൽ അന്വേഷണമില്ലെന്ന് മാത്രമല്ല ആരോപണം ഉന്നയിച്ച മാധ്യമത്തിന് എതിരേ ജയ്ഷാ നൽകിയ ക്രിമനൽ മാനനഷ്ടക്കേസിൽ അഡീഷണൽ സോളിസിറ്റർ ജനറലാണ് ജയ്ഷായ്ക്കുവേണ്ടി ഹാജരാകുന്നത്. സർക്കാരിനുവേണ്ടി ഹാജരാകേണ്ടുന്ന അഭിഭാഷകൻ അഴിമതി ആരോപണ വിധേയർക്കുവേണ്ടി ഹാജരാകുന്ന വിചിത്ര കാഴ്ച.

സോണിയാഗാന്ധിയുടെ മരുമകൻ റോബർട്ട് വദ്രയുടെ റിയൽ എസ്റ്റേറ്റ് അഴിമതി പുറത്തുകൊണ്ടുവന്ന പത്രപ്രവർത്തക രോഹിണി സിങ്ങാണ് ജയ്ഷായുടെ അഴിമതിയും പുറത്തുകൊണ്ടുവന്നത്. അന്ന് രോഹിണി സിങ്ങിനെ ആഘോഷിച്ചവർ ഇന്ന് അവരെ ഭീഷണിപ്പെടുത്തുകയാണ്. ഇതാണ് രാഷ്ട്രീയം!

സ്നേഹപൂർവ്വം കൂട്ടായ്മ 15ന്

തളിപ്പറമ്പ: തളിപ്പറമ്പിലെ വിവിധ കലാസാഹിത്യ രംഗത്ത് പ്രവർത്തിക്കുന്നവരും തളിപ്പറമ്പിലെ കലാസ്വാദകരും ഒത്തുചേരുന്ന സ്നേഹപൂർവ്വം കൂട്ടായ്മയുടെ ഉദ്ഘാടനവും കവിയരങ്ങും 15ന് വൈകുന്നേരം 3 മണിക്ക് തൃച്ചംബരം ശ്രീകൃഷ്ണ ക്ഷേത്ര റോഡിലെ സത്യസായി ഹോമിയോ ഹാളിൽ നടക്കും. സുബൈർ സൂപ്പർ വിഷന്റെ അധ്യക്ഷതയിൽ കവി മുരുകൻ കാട്ടാക്കട ഉദ്ഘാടനം ചെയ്യും. പി.സി.വിജയരാജൻ, കെ.സുനിൽകുമാർ, വി.പി.മഹേശ്വരൻ മാസ്റ്റർ, ഡോ.കെ.രഞ്ജീവ് സംസാരിക്കും. തുടർന്ന് തളിപ്പറമ്പിലെ യുവ കവികൾ പങ്കെടുക്കുന്ന കവിയരങ്ങ് നടക്കും.

കൊയ്ത്തുത്സവം

തളിപ്പറമ്പ: ഡി.വൈ.എഫ്.ഐ വെള്ളാവ് സെന്റർ യൂണിറ്റ് നേതൃത്വത്തിൽ രണ്ടേക്കർ തരിശുവയലിൽ ഇറക്കിയ നെൽകൃഷിയുടെ കൊയ്ത്തുത്സവം ജില്ലാ പ്രസിഡണ്ട് എം. ഷാജർ ഉദ്ഘാടനം ചെയ്തു. സി.ബാലകൃഷ്ണൻ, വി.വി.നിധിൻ, കെ.പി.പ്രവീൺ, കെ.വി. മധു, ടി.വി.വികേഷ്, ഇ.വി.ശ്രീനാഥ് സംസാരിച്ചു. പി.വി.ശരത്ത് സ്വാഗതം പറഞ്ഞു.

ഫാർമസിസ്റ്റ് ധർണ്ണ

കണ്ണൂർ: കാരുണ്യ കമ്മ്യൂണി ഫാർമസിയിൽ ഫാർമസിസ്റ്റുകൾക്ക് നിശ്ചയിക്കപ്പെട്ട തുച്ഛമായ ശമ്പളത്തിൽ പ്രതിഷേധിച്ച് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ ജില്ലാ വേർ ഹൗസിന് മുന്നിൽ ഫാർമസിസ്റ്റുകളുടെ ധർണ്ണ നടന്നു. കേരള പ്രൈവറ്റ് ഫാർമസിസ്റ്റ്സ് അസോസിയേഷൻ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന ധർണ്ണ ഫാർമസി കൗൺസിൽ എക്സിക്യൂട്ടീവ് അംഗം ടി.പി. രാജീവൻ ഉദ്ഘാടനം ചെയ്തു. ഒ.സി. നവീൻചന്ദ്, പി.പി. അനിൽകുമാർ, കെ.വി. പങ്കജാക്ഷൻ, കെ. ഭാർഗവൻ, പി.സി. പ്രഭാകരൻ, സീന സുകുമാരൻ, അമൃത സംഗീത്, മുഹമ്മദ് ബഷീർ പ്രസംഗിച്ചു.

താക്കോൽക്കൂട്ടം കളഞ്ഞുകിട്ടി

തളിപ്പറമ്പ: കുറ്റിക്കോൽ പാലത്തിന് മുകളിൽ നിന്നും താക്കോൽകൂട്ടം കളഞ്ഞുകിട്ടി. ഉടമസ്ഥർ ബന്ധപ്പെട്ടാൽ തിരികെ ലഭിക്കും. ഫോൺ: 04602201818

പഞ്ചായത്ത് ജീവനക്കാരുടെ ധർണ്ണ

കണ്ണൂർ: വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് പഞ്ചായത്ത് എംപ്ലോയീസ് ഓർഗനൈസേഷൻ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ കലക്ട്രേറ്റ് പടിക്കൽ ധർണ്ണ നടത്തി. ഡി.സി.സി പ്രസിഡണ്ട് സതീശൻ പാച്ചേനി ഉദ്ഘാടനം ചെയ്തു. ബിനു വർഗീസ് അധ്യക്ഷനായി. കെ.ആർ. സുജിത്ത്, കെ.കെ. അബ്ദുള്ള പ്രസംഗിച്ചു.

ദ്വിദിന സൗജന്യ തൊഴിൽ പരിശീലനം

കണ്ണൂർ: പ്രധാനമന്ത്രി കൗശൽ വികാസ യോജന, ആർ.പി.എൽ. (ആർ.പി.എൽ) പദ്ധതിയുടെ ഭാഗമായി 40 വയസിന് മുകളിൽ പ്രായമുള്ളവർക്ക് കാർഷിക മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ രണ്ടു ദിവസത്തെ സൗജന്യ പരിശീലനം നൽകുന്നു. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് കേന്ദ്ര സർക്കാർ നൽകുന്ന സർട്ടിഫിക്കറ്റും പ്രൈസ്മണിയും ലഭിക്കും. വിശദ വിവരങ്ങൾക്കും രജിസ്ട്രേഷനും പ്രൊവിൻസ് അഗ്രിസിസ്റ്റത്തിന്റെ കണ്ണൂർ, തളിപ്പറമ്പ് ഓഫീസുകളിൽ നേരിട്ടോ താഴെ കാണുന്ന നമ്പറുകളിലോ ബന്ധപ്പെടണം. ഫോൺ: 7510605554.

തൂക്കുപാലം നിർമ്മിക്കണമെന്ന്

തിരുവട്ടൂർ: പാച്ചേനി-കല്ലിക്കടവ് പുഴക്കടവിൽ തൂക്ക്പാലം നിർമ്മിക്കണമെന്ന് സി.പി.ഐ പാച്ചേനി ബ്രാഞ്ച് സമ്മേളനം ആവശ്യപ്പെട്ടു. പി.രോഹിണി പതാക ഉയർത്തി. സംസ്ഥാന കൗൺസിലംഗം സി.പി.സന്തോഷ്കുമാർ ഉദ്ഘാടനം ചെയ്തു. മണ്ഡലം സെക്രട്ടറി വി.വി.കണ്ണൻ രാഷ്ട്രീയ റിപ്പോർട്ടും വി.നിഷ രക്തസാക്ഷി പ്രമേയവും പി.പവിത്രൻ അനുശോചന പ്രമേയവും അവതരിപ്പിച്ചു. പി.ഗോവിന്ദൻ അധ്യക്ഷത വഹിച്ചു. ഇ.സി.മനോഹരൻ സംസാരിച്ചു. ഐ.വി.കരുണാകരൻ സ്വാഗതം പറഞ്ഞു. സെക്രട്ടറിയായി പി.ഗോവിന്ദനെയും അസി. സെക്രട്ടറിയായി വി.നിഷയെയും തെരഞ്ഞെടുത്തു.

വട്ടക്കൂൽ എ.കെ.ജി സ്മാരക വായനശാല ആന്റ് ഗ്രന്ഥാലയം നടത്തിയ നെൽകൃഷിയുടെ കൊയ്ത്തുൽസവം പരിയാരം പഞ്ചായത്ത് പ്രസിഡണ്ട് എ. രാജേഷ് നിർവഹിക്കുന്നു.

വിദ്യാർത്ഥികൾ മാറ്റത്തിന്റെ ചാലകശക്തിയാവണം: എം.എസ്.എം

കണ്ണൂർ: സമൂഹത്തിലെ എല്ലാ മാറ്റങ്ങളും തുടങ്ങുന്നത് പുതിയ തലമുറയിൽ നിന്നാണെന്നും ധാർമ്മികതയുടെ വഴിയിൽ മാറ്റത്തിന്റെ ചാലകശക്തിയാവാൻ വിദ്യാർത്ഥികൾ തയ്യാറാവണമെന്നും എം.എസ്.എം ജില്ലാ സമ്മേളനം ആവശ്യപ്പെട്ടു. കണ്ണൂർ ശിക്ഷക് സദനിൽ നടന്ന സമ്മേളനം കെ.എൻ.എം സംസ്ഥാന നിർവാഹക സമിതിയംഗം എൻ.എം.അബ്ദുൽജലീൽ ഉദ്ഘാടനം ചെയ്തു. എം.എസ്.എം സംസ്ഥാന സെക്രട്ടറി യാസർ ബാണോത്ത് അധ്യക്ഷത വഹിച്ചു. ഷാഹിദ് മുസ്ലിം, ഹുമയൂൺ കബീർ, അബ്ദുൽലത്തീഫ് കരുമ്പിലാക്കൽ, ഇസ്മായിൽ കരിയാട്, ശഫീഖ് മമ്പറം, റാഫി പേരാമ്പ്ര, റുസീന ഫൈസൽ, നഈൽ കണ്ണൂർ, ഷിബിൽ പുന്നോൽ, ജൗഹർ കരിയാട്, സുഫാസുദ്ദീൻ വടക്കുമ്പാട്, ജസീൽ നജീബ് പ്രസംഗിച്ചു.

ഏമ്പേറ്റ് – പ്ലൈവുഡ് കമ്പനി റോഡ് പഞ്ചായത്ത് ഏറ്റെടുക്കണം

പരിയാരം: ഏമ്പേറ്റ് നിർമ്മല ഐ.ടി.സിയുടെ സമീപത്ത് നിന്നും പ്ലൈവുഡ് കമ്പനിവരെ നീളുന്ന റോഡ് പഞ്ചായത്ത് ഏറ്റെടുത്ത് ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കണമെന്ന് സി.പി.ഐ ഏമ്പേറ്റ് ബ്രാഞ്ച് സമ്മേളനം ആവശ്യപ്പെട്ടു. വേലിക്കാത്ത് രാഘവൻ ഉദ്ഘാടനം ചെയ്തു. വി.വി. കണ്ണൻ പ്രസംഗിച്ചു. കെ.വി. ബാലകൃഷ്ണമാരാർ അധ്യക്ഷനായി. സി. ദാമോദരൻ സ്വാഗതം പറഞ്ഞു. ബ്രാഞ്ച് സെക്രട്ടറിയായി സി. ദാമോദരനെയും അസിസ്റ്റന്റ് സെക്രട്ടറിയായി പി.വി. രാധാകൃഷ്ണനെയും തിരഞ്ഞെടുത്തു.

കെ.വി.വി.ഇ.എസ്. വനിതാ വിംഗ് ആലക്കോട് യൂണിറ്റ് വാർഷികം ദേവസ്യ മേച്ചേരി ഉദ്ഘാടനം ചെയ്യുന്നു.

കെ.വി.വി.ഇ.എസ്. വനിതാ വിംഗ് വാർഷികവും സ്വീകരണവും

ആലക്കോട്: കേരള വ്യാപാരി വ്യവസായി ഏകോപന സമിതി വനിതാവിംഗ് ആലക്കോട് യൂണിറ്റ് വാർഷികവും കെ.വി.വി.ഇ.എസ്. ജില്ലാ മേഖലാ നേതാക്കൾക്കുള്ള സ്വീകരണവും വ്യാപാര ഭവനിൽ ജില്ലാ പ്രസിഡണ്ട് ദേവസ്യ മേച്ചേരി ഉദ്ഘാടനം ചെയ്തു. ഫിലോമിന സാബു അധ്യക്ഷത വഹിച്ചു. ജെ. സെബാസ്റ്റ്യൻ, കെ.എം. ഹരിദാസ്, പി.എ. അഗസ്റ്റിൻ, മുഹമ്മദ് റിയാസ്, ജോൺസൺ എം.എ, എൻ.എം. മൊയ്തീൻ, ജോൺ പടിഞ്ഞാത്ത്, റോയി പുളിക്കൽ, ടിനു ബേബി, നൈന ഉണ്ണികൃഷ്ണൻ, ലൂസി ജോൺ, ശോഭ ബെന്നി പ്രസംഗിച്ചു. ആലക്കോട്ടെ ജനകീയ ഡോക്ടർ ബാബുരാജനെ ആദരിച്ചു. ചികിത്സാ സഹായ വിതരണം, അവാർഡ് വിതരണം, ആരോഗ്യ ബോധവൽക്കരണ ക്ലാസ് എന്നിവയും നടന്നു. ഡോ. ബാബുരാജ് ക്ലാസ് നയിച്ചു. സിന്ധു ബാബു സ്വാഗതവും രാജി രാമചന്ദ്രൻ നന്ദിയും പറഞ്ഞു. ഭാരവാഹികളായി ഫിലോമിന സാബു (പ്രസിഡണ്ട്), നൈന ഉണ്ണികൃഷ്ണൻ (ജനറൽ സെക്രട്ടറി), ലൂസി ജോൺ (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു.

സീതിസാഹിബ് എൻ.എസ്.എസ് അംഗങ്ങളുടെ കൊയ്ത്തുത്സവം ഏഴോം കോട്ടക്കീൽ പാടത്ത് ടി.വി. രാജേഷ് എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

'സീറോവേസ്റ്റ്' സി.ഡി പ്രകാശനം

തളിപ്പറമ്പ: സൂപ്പർ വിഷന്റെ ബാനറിൽ സുബൈർ നിർമ്മിക്കുന്ന സീറോ വേസ്റ്റ് ഡോക്യുമെന്ററിയുടെ ചിത്രീകരണം പൂർത്തിയായി. തളിപ്പറമ്പ പ്രസ് ഫോറം ഹാളിൽ നടന്ന ചടങ്ങിൽ നഗരസഭ ചെയർമാൻ അള്ളാംകുളം മഹമ്മൂദ് സീറോ വേസ്റ്റ് സി.ഡി പ്രകാശനം ചെയ്തു. സുബൈർ സൂപ്പർ വിഷൻ, പ്രസ് ഫോറം പ്രസിഡണ്ട് എം.കെ.മനോഹരൻ, സെക്രട്ടറി കെ.പി.രാജീവൻ, വി.വി.നാരായണൻ സംസാരിച്ചു. തളിപ്പറമ്പിലെ മാലിന്യ നിർമ്മാർജനം വിഷയമാക്കിയുള്ള 18 മിനുട്ട് ദൈർഘ്യമുള്ള ബോധവൽക്കരണ ഡോക്യുമെന്ററിയിൽ ടൗണിലും മറ്റു പ്രദേശങ്ങളിലും മാലിന്യങ്ങൾ നിക്ഷേപിക്കുന്നത്, പൊതുസ്ഥലങ്ങളിലും റോഡരികിലും മാലിന്യം വലിച്ചെറിയുന്നത്, പ്ലാസ്റ്റിക് കവറുകളുടെ ഉപയോഗവും അവ കത്തിക്കുന്നതുമൂലമുള്ള ദൂഷ്യങ്ങളും റോഡിൽ അലഞ്ഞുതിരിയുന്ന കന്നുകാലികളും ഡോക്യുമെന്ററിയിൽ ചിത്രീകരിച്ചിട്ടുണ്ട്. ഉറവിട മാലിന്യ സംസ്കരണ സംസ്കാരം ഉറപ്പുവരുത്തുക എന്ന സന്ദേശമാണ് സീറോ വേസ്റ്റ് ഡോക്യുമെന്ററി നൽകുന്നത്. സുബൈർ സൂപ്പർ വിഷനാണ് ക്യാമറയും സംവിധാനവും നിർവഹിക്കുന്നത്. വി.വി.നാരായണൻ, രാജേഷ് കാഞ്ഞിരങ്ങാട്, ബിജിത രാജേഷ്, പ്രമീള, രാമകൃഷ്ണൻ, സതീഷ് കുമാർ, വിഷ്ണു എന്നിവരാണ് അണിയറ പ്രവർത്തകർ. യൂട്യൂബ്, ഫെയ്സ്ബുക്ക്, വാട്സ്ആപ്പ് എന്നീ സോഷ്യൽ മീഡിയകളിൽ നാളെ റിലീസ് ചെയ്യും. കൂടാതെ സീറോ വേസ്റ്റ് തളിപ്പറമ്പിലെ വിവിധ വാർഡുകളിൽ പ്രദർശനവും ബോധവൽക്കരണ ക്ലാസുകളും നടത്തും.

TALIPARAMBA PRESS FORUM

സീറോവേസ്റ്റ് ഡോക്യുമെന്ററിയുടെ പ്രകാശനം തളിപ്പറമ്പ് പ്രസ് ക്ലബിൽ നടന്ന ചടങ്ങിൽ നഗരസഭ ചെയർമാൻ അള്ളാംകുളം മഹമ്മൂദ് നിർവഹിക്കുന്നു

ദേശീയപാത വികസനം: ആശങ്ക അകറ്റണം

പരിയാരം: ഹൈവേ വികസനവുമായി ബന്ധപ്പെട്ട് ജനത്തിന്റെ ആശങ്ക അകറ്റണമെന്നും ഭൂമിയും കെട്ടിടവും നഷ്ടപ്പെടുന്നവർക്ക് ന്യായമായ നഷ്ടപരിഹാരം സമയബന്ധിതമായി നൽകണമെന്നും സി.പി.ഐ പരിയാരം ബ്രാഞ്ച് സമ്മേളനം ആവശ്യപ്പെട്ടു. സി.പി.സന്തോഷ്കുമാർ ഉദ്ഘാടനം ചെയ്തു. ഇ.സി.മനോഹരൻ അധ്യക്ഷനായി. വി.വി.കണ്ണൻ, പി.വി.ബാബു, എം.രഘുനാഥ്, കെ.പി.കേളുനായർ സംസാരിച്ചു. കെ.എം.വിജയൻ പതാക ഉയർത്തി. ഇ.സി.രമേശൻ സ്വാഗതം പറഞ്ഞു. ബ്രാഞ്ച് സെക്രട്ടറിയായി പി.കെ.ദിലീപ്കുമാറിനെയും അസി. സെക്രട്ടറിയായി എ.വി.രതീഷ്ബാബുവിനെയും തിരഞ്ഞെടുത്തു.

സോഫ്റ്റ്വെയറിലെ തകരാറ് പറഞ്ഞ് ജീവനക്കാർക്ക് ശമ്പളം നിഷേധിക്കുന്നത് പ്രതിഷേധാർഹമെന്ന്

കണ്ണൂർ: സംസ്ഥാന ജീവനക്കാർക്ക് ശമ്പളം നൽകുവാനുള്ള 'സ്പാർക്ക്' സോഫ്റ്റ്വെയറിൽ തകരാറ് വന്ന് ആഴ്ചകൾ പിന്നിട്ടിട്ടും അത് പരിഹരിക്കാത്തത് പ്രതിഷേധാർഹമാണെന്ന് എൻ.ജി.ഒ അസോസിയേഷൻ ജില്ലാ കമ്മിറ്റിയോഗം അഭിപ്രായപ്പെട്ടു. ജില്ലാ പ്രസിഡണ്ട് കെ.കെ.രാജേഷ്ഖന്ന അധ്യക്ഷത വഹിച്ചു. സെക്രട്ടറി കെ.സുധാകരൻ, കെ.മധു, ടി.മോഹൻകുമാർ, എ.ഉണ്ണികൃഷ്ണൻ, കെ.വി.അബ്ദുൽറഷീദ്, എം.പി.ഷനിജ് പ്രസംഗിച്ചു.

മുഅല്ലിം ദിനത്തോടനുബന്ധിച്ച് തളിപ്പറമ്പ സയ്യിദ് നഗർ നുസ്രത്തുൽ ഇസ്ലാം മദ്രസ പ്ലാസ്റ്റിക് വിമുക്ത പാതയോരം പദ്ധതി ജമാഅത്ത് സെക്രട്ടറി മുഹമ്മദ്കുഞ്ഞി മാസ്റ്റർ നിർവഹിക്കുന്നു.

മെഡിക്കൽ ഇൻഷൂറൻസ് പ്രീമിയത്തിൻമേലുള്ള ജി.എസ്.ടി. ഒഴിവാക്കണം

കണ്ണൂർ: ബാങ്കുകളിൽ നിന്ന് വിരമിച്ചവരുടെ ആരോഗ്യ ഇൻഷൂറൻസ് പ്രീമിയത്തിൻമേൽ ഈടാക്കുന്ന ജി.എസ്.ടി. ഒഴിവാക്കണമെന്ന് ആൾ കേരള ബാങ്ക് റിട്ടയറീസ് ഫെഡറേഷൻ ജില്ലാ കൺവെൻഷൻ ആവശ്യപ്പെട്ടു. എ.കെ.ബി.ആർ.എഫ് മുൻ സംസ്ഥാന ജോയിന്റ് ജനറൽ സെക്രട്ടറി വി.ബി. ഷേണായി ഉദ്ഘാടനം ചെയ്തു. സി.എൻ. ഗോപിനാഥ് അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി എ.സി. മാധവൻ, പി.പി. ഭാർഗവൻ, എം. ചന്ദ്രൻ, കെ.കെ. ഗോവിന്ദൻകുട്ടി, എം. രാധാകൃഷ്ണൻ പ്രസംഗിച്ചു.

പ്രഭാഷണ കലാ പുരസ്കാരം

കണ്ണൂർ: സുകുമാർ അഴീക്കോട് പ്രസംഗ കല അക്കാദമി മലയാളത്തിലെ മികച്ച വാഗ്മിക്ക് ഡോ.സുകുമാർ അഴീക്കോട് പ്രഭാഷണ കലാ പുരസ്കാരം സമ്മാനിക്കും. വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നാമനിർദ്ദേശങ്ങൾ നൽകാം. ലഘു ബയോഡാറ്റ സഹിതമുള്ള നിർദേശങ്ങൾ ആർ.പ്രഭാകരൻ, ജനറൽ സെക്രട്ടറി, പ്രസംഗ കല അക്കാദമി, കൃഷ്ണ മേനോൻ നഗർ ഹൗസിംഗ് കോളനി, കണ്ണൂർ-4 എന്ന വിലാസത്തിൽ ലഭിക്കണം.

ബസ് സമയ അറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചു

ആലക്കോട്: ആലക്കോട് ബെസ്റ്റ് ഫ്രണ്ട്സ് സ്വാശ്രയ സംഘത്തിന്റെ ആഭിമുഖ്യത്തിൽ ആലക്കോട് വഴി കടന്നുപോകുന്ന ബസുകളുടെ സമയ വിവരം അറിയിച്ചുള്ള ബോർഡുകൾ ആലക്കോട് സ്കൂൾ സ്റ്റോപ്പ്, മെയിൻ സ്റ്റോപ്പ്, ന്യൂബസാർ, അരങ്ങം എന്നിവിടങ്ങളിലായി സ്ഥാപിച്ചു. ആലക്കോട് പഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഗിരിജാമണി ടീച്ചർ ഉദ്ഘാടനം ചെയ്തു. സംഘം പ്രസിഡണ്ട് റ്റാജി ടോം പൂന്തോട്ടം, എം.കെ.ജയചന്ദ്രൻ, ആന്റണി കൊങ്ങമ്പുഴ, കെ.എസ്.മോഹനൻ, എ.സി.കുര്യൻ, കെ.ഗോപാലകൃഷ്ണൻ മാസ്റ്റർ നേതൃത്വം നൽകി.

വിസ്മയപാർക്കിന് സമീപത്തെ വഴി പുനഃസ്ഥാപിക്കണം

കോൾമൊട്ട: വിസ്മയ പാർക്കിന് സമീപത്തെ കെട്ടിയടച്ച വഴി തുറന്നു കൊടുക്കാൻ നഗരസഭ ഇടപെടണമെന്ന് സി.പി.എം കോൾമൊട്ട തെക്ക് ബ്രാഞ്ച് സമ്മേളനം ആവശ്യപ്പെട്ടു. ആനക്കീൽ ചന്ദ്രൻ ഉദ്ഘാടനം ചെയ്തു. കെ.പി.ദാമോദരൻ അധ്യക്ഷത വഹിച്ചു. ലോക്കൽ സെക്രട്ടറി പി.എൻ.രാജപ്പൻ മാസ്റ്റർ, കെ.പി.മോഹനൻ, പി.പി.പ്രദീപൻ സംസാരിച്ചു. എം.സുരേശൻ സ്വാഗതം പറഞ്ഞു. ബ്രാഞ്ച് സെക്രട്ടറിയായി എം.സുരേശനെ വീണ്ടും തിരഞ്ഞെടുത്തു. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ കാന്റീൻ നടത്തിപ്പ് കുടുംബശ്രീയെ ഏൽപ്പിച്ച് പ്രവർത്തനം സുഗമമാക്കണമെന്നും സമ്മേളനം ആവശ്യപ്പെട്ടു.

സീതിസാഹിബ് എൻ.എസ്.എസ് കൊയ്ത്തുത്സവം നടത്തി

തളിപ്പറമ്പ: നഷ്ടപ്പെട്ടുക്കൊണ്ടിരിക്കുന്ന കാർഷിക സംസ്കാരം തിരിച്ചുകൊണ്ടുവരാൻ കൃഷി സംസ്കാരം മനുഷ്യനന്മയ്ക്ക് എന്ന മുദ്രാവാക്യമുയർത്തി സീതിസാഹിബ് എൻ.എസ്.എസ് അംഗങ്ങൾ കൊയ്ത്തുത്സവം നടത്തി. രണ്ടാം വർഷ എൻ.എസ്.എസ് വളണ്ടിയർ ലീഡർ രഹനയുടെ മുത്തശിയുടെ ഏഴോം പഞ്ചായത്തിലെ കോട്ടക്കീൽ പാടത്തിലാണ് കൊയ്ത്തുത്സവം നടത്തിയത്. ടി.വി. രാജേഷ് എം.എൽ.എ നെല്ല് കൊയ്ത് ഉദ്ഘാടനം ചെയ്തു. ഹെഡ്മാസ്റ്റർ ഫസലുള്ള, പി.ടി.എ പ്രസിഡണ്ട് സാക്കിർ ഹുസൈൻ, ടീച്ചർമാരായ അനിത, സിതാര, ശ്യാംജിത്ത്, രഹന, അഖിൽ, പ്രോഗ്രാം ഓഫീസർ ഫിറോസ് ടി.അബ്ദുള്ള നേതൃത്വം നൽകി. നവാസ് മന്നന്റെ നേതൃത്വത്തിൽ കൊയ്തുപാട്ട് അരങ്ങേറി.

പയ്യാവൂർ പഞ്ചായത്ത് മൈതാനം ആധുനികവൽക്കരിക്കണം

പയ്യാവൂർ: പൊന്നുംപറമ്പിലെ പഞ്ചായത്ത് മൈതാനം നവീകരിക്കണമെന്നും ചുറ്റും ഹൈടെക് ലൈറ്റ് സ്ഥാപിച്ച് ശൗചാലയം, കുടിവെള്ള ലഭ്യത, കാണികൾക്ക് ഇരിക്കാനുള്ള പവലിൻ എന്നീ സൗകര്യങ്ങളോടുകൂടിയ ഹൈടെക് സംവിധാനം ഏർപ്പെടുത്തണമെന്നും പൊന്നുംപറമ്പ് പൊതുജന വായനശാല ആന്റ് ഗ്രന്ഥാലയം യോഗം ആവശ്യപ്പെട്ടു. എം.സി.നാരായണൻ, കെ.കെ.തമ്പാൻ, ചാക്കോ മുല്ലപ്പള്ളി, വി.വി.രാജീവ്, എം.വിജിത്ത്, കെ.ദാസൻ പ്രസംഗിച്ചു. ഭാരവാഹികളായി വി.വി. രാജീവ് (പ്രസിഡണ്ട്), കെ.ദാസൻ, വി.എസ്.സന്തോഷ് (വൈസ് പ്രസിഡണ്ട്), എം.സി.നാരായണൻ (സെക്രട്ടറി), എം.വിഴിത്ത്, വൈശാഖ് (ജോ. സെക്രട്ടറി), കെ.കെ.തമ്പാൻ (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു.

ട്യൂഷൻ ടീച്ചറെ ആവശ്യമുണ്ട്
വൈകുന്നേരം 4.30ന് ശേഷം തളിപ്പറമ്പിന് അടുത്തുള്ളവർക്ക് മുൻഗണന.
താൽപര്യമുള്ളവർ ബന്ധപ്പെടുക
9847302811

ക്വാർട്ടേഴ്സ് വാടകക്ക്
പുളിമ്പറമ്പിൽ എല്ലാവിധ സൗകര്യങ്ങളുമുള്ള 2 ബെഡ് റൂം ക്വാർട്ടേഴ്സ് വാടകക്ക്
7559864995
9847476671